# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ :- ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്)**

വിഷയം: കുടുംബശ്രീ - വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളെ എംപാനൽ ചെയ്യുന്നത് - സംബന്ധിച്ച്

പരാമർശം: 1. ഓർഡർ നം. കെഎസ്-എം-1297-2013 തീയതി 10.07.2017

2. 26.04.2018 തീയതിയിലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനം

**<u>ഉത്തരവ് നമ്പർ 1297/ഡി/2013/കെ.എസ്.എച്ച്.ഒ തീയതി 21.10.2020</u>**

പരാമർശം (1) പ്രകാരമുള്ള വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളുടെ എംപാനൽമെന്റ് കാലാവധി പൂർത്തിയാക്കിയ സാഹചര്യത്തിൽ തുടർന്നുള്ള കരാർ പുതുക്കലും പുതിയ ഏജൻസികളെ തിരഞ്ഞെടുപ്പും സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

അതിജീവനം കേരളീയം ക്യാമ്പെയിന്റെ ഭാഗമായുള്ള വൈദഗ്ദ്ധ്യ പരിശീലനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് ആരംഭിക്കാനിരിക്കുന്ന സാഹചര്യത്തിൽ വൈദഗ്ദ്ധ്യ ഏജൻസികളുടെ തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുവാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തും പരാമർശം (1) പ്രകാരം തിരഞ്ഞെടുക്കപ്പെട്ട വൈദഗ്ദ്ധ്യപരിശീലന ഏജൻസികളെക്കുറിച്ച് പരാതികളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ഏജൻസികളുടെ കരാർ അവരുടെ മികവിനെ അടിസ്ഥാനപ്പെടുത്തി ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

ജില്ലാമിഷനുകൾ എംപാനൽ ചെയ്ത എല്ലാ ഏജൻസികളുടെയും കഴിഞ്ഞ 3 വർഷക്കാലത്തെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും മികച്ച പ്രകടനം കാഴ്ചവച്ച ഏജൻസികളുമായുള്ള ധാരണാപത്രം അടുത്ത 1 വർഷക്കാലത്തേക്കുകൂടി പുതുക്കി നൽകേണ്ടതുമാണ്. മോശം പ്രകടനമോ തൃപ്തികരമല്ലാത്ത പ്രകടനമോ കാഴ്ചവച്ച ഏജൻസികളുമായുള്ള ധാരണാപത്രം തുടർന്ന് പുതുക്കി നൽകേണ്ടതില്ല. പ്രസ്തുത മേഖകളിലേയ്ക്ക് പുതിയ ഏജൻസിയെ കണ്ടെത്തി നിയോഗിക്കാവുന്നതാണ്.

പരാമർശം (2) പ്രകാരമുള്ള ഗവേണിംഗ് ബോഡി മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ ജില്ലാമിഷനുകൾക്ക് ആവശ്യമായ മേഖലകളിലേയ്ക്ക് വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളെ കണ്ടെത്തി നിയോഗിക്കാവുന്നതാണ്.

പുതിയ ഏജൻസികളെ കണ്ടെത്തുന്നതിന് പരാമർശം (1) പ്രകാരമുള്ള ഇ.ഒ.ഐ. ഫോർമാറ്റ് ഉപയോഗിച്ച് എംപാനൽ നടപടികൾ ചെയ്യാവുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ

**<u>പകർപ്പ് :</u>**

കരുതൽ/അധികം

**ഉത്തരവിൻപ്രകാരം**

പ്രോഗ്രാം ഓഫീസർ (എം.ഇ.)